# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*672 — 13.07.2012-ൽ മറുപടിക്ക്

### പടക്കനിർമ്മാണ തൊഴിലാളികളുടെ സുരക്ഷിതത്വം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ<br>ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര പടക്കനിർമ്മാണ കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിലെല്ലാം കൂടി എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്; | (എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ ഫാക്ടറീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട രണ്ട് ഫാക്ടറികളുണ്ട് . ഇതിൽ ഇരുപത് തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. മറ്റ് വിവരങ്ങൾ തൊഴിൽ വകുപ്പിൽ ലഭ്യമല്ല. |
| (ബി) പ്രസ്തുത തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; | (ബി) ഇല്ല. |
| (സി) പടക്ക നിർമ്മാണ കമ്പനികളിൽ കാര്യക്ഷമമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) ഫാക്ടറീസ് നിയമങ്ങളും ചട്ടങ്ങളും പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. ഫാക്ടറി ഇൻസ്പെക്ടർമാർ പരിശോധന നടത്തി ആവശ്യമായ നടപടികൾ എടുക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ഡി) പ്രസ്തുത തൊഴിലാളികൾക്ക് ക്ഷേമനിധി, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) പ്രസ്തുത തൊഴിലാളികൾക്ക് കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ